# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 5 | 28.01.2019 ൽ മറുപടിക്ക്

### ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുവാൻ നടപടി

**ചോദ്യം**

ശ്രീ.ആർ. രാജേഷ്
ശ്രീ.പി. ഉണ്ണി
ശ്രീ.കെ. ദാസൻ
ശ്രീ.ഐ.ബി. സതീഷ്

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സുപ്രീംകോടതി വിധി സ്വീകാര്യമല്ലെങ്കിൽ അതു പുനഃപരിശോധിക്കാൻ വേണ്ട നിയമനടപടി സ്വീകരിക്കുന്നതിനു പകരം പോലീസ് സ്റ്റേഷനുകൾക്കുനേരെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഓഫീസുകൾക്ക് നേരെയും നേതാക്കളുടെ വീടുകൾക്കുനേരെയും ബോംബാക്രമണം നടത്തി സ്വൈരജീവിതം തകർക്കാൻ ശ്രമിക്കുന്ന വർഗീയ തീവ്രവാദികളെ അമർച്ച ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(എ) ഇത്തരം ശ്രമങ്ങൾ തടയുന്നതിനായി കനത്ത ജാഗ്രത പുലർത്തുന്നതോടൊപ്പം ശക്തമായ പോലീസ് നിരീക്ഷണം നടത്തിവരുന്നു. പൊതുജനങ്ങളുടെ സുരക്ഷയും സ്വൈര്യജീവിതം ഉറപ്പാക്കാനുമായി എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുള്ളവരെ മുൻകരുതൽ ആയി അറസ്റ്റ് ചെയ്തും, നിരന്തര പോലീസ് പട്രോളിംഗ് നടത്തിയും, പ്രശ്നബാധിത മേഖലകൾ കണ്ടെത്തി അക്രമസാധ്യത കണക്കിലെടുത്തുകൊണ്ട് സുരക്ഷയ്ക്കായി ശക്തമായ പോലീസ് പിക്കറ്റുകൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മുന്നറിയിപ്പില്ലാതെയും അനാവശ്യമായും അടിയ്ക്കടി ഹർത്താൽ നടത്തുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) നമ്മുടെ സംസ്ഥാനത്ത് വിവിധ സന്ദർഭങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഹർത്താലിന് ആഹ്വാനം ചെയ്യാറുണ്ട്. ഒരു പ്രശ്നത്തിൽ അവസാനത്തെ സമരരൂപമെന്ന നിലയിലാണ് ഹർത്താലിനെ കണ്ടിരുന്നത്. ഇതിന് വ്യത്യസ്തമായി എന്തെങ്കിലും കാരണങ്ങൾ പറഞ്ഞ് ഏതു സമയത്തും മിന്നൽ ഹർത്താലുകൾ പോലെ ജനജീവിതത്തെ ബാധിക്കുന്ന ഹർത്താൽ പ്രഖ്യാപിക്കുന്ന സ്ഥിതിയാണ്

ശബരിമല സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്ത് പലപ്പോഴായി ഉണ്ടായി. ഹർത്താലിന്റെ മറവിൽ പൊതുമുതൽ നശിപ്പിക്കുന്നതും ചില പ്രത്യേക വിഭാഗത്തിന്റെ സ്വകാര്യ സ്വത്തുക്കൾ ആസൂത്രിതമായി ആക്രമിച്ച് നശിപ്പിക്കുന്നതും അടക്കമുള്ള സംഭവങ്ങൾ ഉണ്ടായത്. സാമൂഹ്യമാധ്യമങ്ങളിലൂടെ വർഗ്ഗീയ സംഘർഷത്തിന് ഇട നൽകുന്ന വിധത്തിലുള്ള പ്രചാരണങ്ങളും ഹർത്താലിന്റെ ഭാഗമായി നടത്തുകയും ചെയ്തു. ഇത് ഫലപ്രദമായി നേരിടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് നിലവിലുള്ള Prevention of Damage to Public Property Act 1984 ന് പുറമെ സ്വകാര്യ മുതലുകൾ നശിപ്പിക്കുന്നത് തടയാനായി സർക്കാർ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019 ജനവരി 8 ന് നിലവിൽ വന്ന " The Kerala Prevention of Damage to Private Property and Payment of Compensation Ordinance 2019" പ്രകാരം വർഗീയ കലാപങ്ങൾ,മത-സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ സംഘടിപ്പിക്കുന്ന ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ജാഥ, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ എന്നിവ കാരണം സ്വകാര്യ മുതലുകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ഈടാക്കാനും വ്യവസ്ഥയുണ്ട്.

നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ചു വർഷം വരെ തടവുശിക്ഷ നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സ്ഫോടനം,തീ എന്നിവയ്ക്ക് കാരണമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ, പത്തുവർഷം വരെ തടവും പിഴയുമോ ശിക്ഷ നൽകാനുള്ള വ്യവസ്ഥയുമുണ്ട്.

ജാമ്യ അപേക്ഷയിൽ പ്രോസിക്യൂഷന് കേൾക്കാനുള്ള അവസരം നൽകുക, നശിപ്പിക്കപ്പെട്ട മുതൽ സംബന്ധിച്ച മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന

ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുകയും ആ തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കുക. ഇവ ചെയ്യാത്തപക്ഷം ജാമ്യം ലഭിക്കുകയില്ല എന്ന് ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനം ആർജ്ജിച്ച മതനിരപേക്ഷ സംസ്കാരം തകർക്കാനും ജാതിസങ്കുചിതവാദം പ്രോത്സാഹിപ്പിക്കാനും പിന്തിരിപ്പൻ ശക്തികൾ നടത്തുന്ന തീവ്രയജ്ഞം നിഷ്ഫലമാക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് മതനിരപേക്ഷത തകർത്തും ജാതിസങ്കുചിതവാദം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ രഹസ്യ നിരീക്ഷണം നടത്തി വരുന്നുണ്ട്. ഇത്തരക്കാർ വർഗ്ഗീയമായും ചേരിതിരിവ് ഉണ്ടാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശങ്ങളിൽ മറ്റ് സർക്കാർ വകുപ്പുകളുടെ സഹായത്തോടെ ദുഷ് പ്രചരണങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിച്ച് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ സോഷ്യൽ മീഡിയ വഴിയുള്ള ഇത്തരം ദുഷ് പ്രചരണങ്ങൾ സൈബർ ഡോമിന്റെയും, ജില്ലാ സൈബർ സെല്ലുകളുടേയും സഹായത്തോടെ നിരീക്ഷിച്ച് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ദുഷ് പ്രചരണങ്ങൾക്കെതിരെ സോഷ്യൽ മീഡിയ വഴി പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ